# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പല്ലശ്ശന ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

E-mail:-dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.പി.കെ.ഡി.18-252/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തീയതി-10.02.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :-പല്ലശ്ശന ഗ്രാമപഞ്ചായത്ത് -2015-16 സാമ്പത്തിക വർഷങ്ങളിഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*********************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പല്ലശ്ശന ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ................... ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ................... ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഇമെയിൽ മുഖേന)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.പി.കെ.ഡി.18-252/2017 തിയ്യതി:-10.02.2017

## പാലക്കാട് ജില്ലയിലെ പല്ലശ്ശന ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പല്ലശ്ശന ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 30-11-2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 0 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.എൻ. വാസുദേവൻ,<br>ഡെപ്യൂട്ടി ഡയറക്ടർ. | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 30-11-2016 മുതൽ<br>8-12-2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | കെ.ജി. റോബർട്ട് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | കെ.പി. മുഹമ്മദ് ഫാറൂക്ക് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | എ സുജാത | സീനിയർ ഗ്രേഡ് ഓഡിറ്റർ |

ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | 1 | കെ ശാന്തകുമാരി | 1-4-2015 മുതൽ 18-11-2015വരെ |
| | 2 | കെ രമാധരൻ | 19-11-2015 മുതൽ തുടരുന്നു. |
| സെക്രട്ടറി | 1 | കെ മുരളി | 1-4-2015 മുതൽ തുടരുന്നു |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| അസിസ്റ്റന്റ് എഞ്ചിനീയർ | | എം.രമേഷ് | 1-4-15മുതൽ 31-3-16വരെ |
| മെഡിക്കലാഫീസർ | | ഡോ.സൈന, സി.എം. | 1-4-15മുതൽ 31-3-16വരെ |
| മെഡിക്കലാഫീസർ | | ഡോ.അരുണ.എൻ | 1-4-15മുതൽ 31-3-16വരെ |
| വെറ്റിനറി സർജ്ജൻ | 1 | ഡോ.ഫ്രാൻസിസ് | 1-4-15മുതൽ 8-6-15വരെ |
| | 2 | ഡോ.എൻ ദാമോദരൻ | 8-6-15മുതൽ 31-3-16വരെ |
| പ്രധാന അദ്ധ്യാപകൻ | | ഹാറൂൺ എ | 1-4-15മുതൽ 31-3-16വരെ |
| വി ഇ ഒ | | രവീന്ദ്രൻ കെ | 1-4-15മുതൽ 31-3-16വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | | സത്യഭാമ കെ വി | 1-4-15മുതൽ 31-3-16വരെ |
| അസി സെക്രട്ടറി | 1 | സബിത യു | 1-4-15മുതൽ 20-8-15വരെ |
| | 2 | സി നാരായണൻ കുട്ടി | 21-8-15മുതൽ 31-3-16വരെ |
| കൃഷിഓഫീസർ | 1 | പൌലോസ് | 1-4-15മുതൽ |

| | | | |
|---|---|---|---|
| | | പിപി | 25-4-15വരെ |
| | 2 | സിനിഷ്.എം എസ്സ് | 25-4-15മുതൽ<br>3-10-15വരെ |
| | 3 | സന്തോഷ്.കെ | 3-10-15മുതൽ<br>19-2-16വരെ |
| | 4 | ഉണ്ണിറാം | 19-2-16മുതൽ<br>31-3-16 വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 1 | പരസ്യനികുതി പിരിവ് | 2-1 |
| 2 | ഡി&ഒ ലൈസൻസ് ഫീസ് | 2-2 |
| 3 | ഫീ ഈടാക്കി ലൈസൻസ് അനുവദിച്ച് നല്കാത്തത് | 2-3 |
| 4 | കെട്ടിട നിർമ്മാണം | 2-4 |
| 5 | തൊഴിൽ നികുതി | 2-5 |

| | ഭാഗം 3 | |
|---|---|---|
| 1 | സമഗ്രവിദ്യാഭ്യാസ പരിപാടി -മാർഗ്ഗരേഖയ്ക്ക് വിരുദ്ധം | 3-1 |
| 2 | ശിശു സൌഹൃദ ക്ലാസ്സുകൾ ഒരുക്കൽ | 3-2 |
| 3 | കലാ കായിക പരിശീലനം | 3-3 |
| 4 | വിദ്യാഭ്യാസ നിലവാരം ഉയർത്തൽ | 3-4 |
| 5 | പട്ടികജാതി വിദ്യാഭ്യാസ കർമ്മ പദ്ധതി | 3-5 |
| 6 | വിദ്യാഭ്യാസ മികവ് – ക്യാഷ് അവാർഡ് | 3-6 |
| 7 | തുല്യതാ പഠനം | 3-7 |
| 8 | പകർച്ചവ്യാധി നിയന്ത്രണം | 3-8 |
| 9 | ആശ്രയ പദ്ധതി | 3-9 |
| 10 | മൃഗസംരക്ഷണ മേഖല | 3-10 |
| 11 | സ്കൂൾ കുട്ടികൾക്ക് പഠനോപകരണങ്ങൾ വാങ്ങൽ | 3-11 |
| 12 | അംഗപരിമിതർക്ക് മുച്ചക്ര വാഹനം | 3-12 |
| 13 | മീഡിയാശ്രീ | 3-13 |
| 14 | പ്ലാൻ ഫണ്ട് തുകകൾ തിരിച്ചടവ് | 3-14 |
| 15 | കരാർ വയ്ക്കുന്നതിലെ കാലതാമസം | 3-15 |

| | ഭാഗം 4 | |
|---|---|---|
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 9-3-15 തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2016 | - | -- | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

അനുബന്ധമായി ചേർത്തിട്ടുണ്ട്

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് -27989894

വരവ് -54505249

ആകെ -82495143

ചെലവ് -67999965

നീക്കിയിരിപ്പ് -14495178

## 1-5 ഫണ്ട് വിനിയോഗം(അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | മറ്റ് ഫണ്ടു കളിൽ നിന്നും | അലോട്ട്മെന്റ് പ്രകാരമുള്ള വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കി യിരി പ്പ് |
|---|---|---|---|---|---|---|---|

| | | പിൻ വലിച്ച് നിക്ഷേ പിച്ച തുക | | | | | (RP 40 b പ്ര കാരം) |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 3202240 | 5864801 | 9595969 | 18663010 | 10179612 | 8483398* | 0 |
| വികസന ഫണ്ട് ടി.എസ്.പി | 0 | | 12000 | 12000 | 12000 | | 0 |
| വികസന ഫണ്ട് എസ്.സി.പി | 4375831 | | 11479931 | 15855762 | 10269839 | 2652931**<br>2932992* | 0 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 1326440 | | 3012000 | 4338440 | 2754146 | 1584294* | 0 |
| സംരക്ഷണ ഗ്രാന്റ്റോഡ് | 87411 | | 5600000 | 5687411 | 5661625 | 25786* | 0 |
| 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2224314 | | 7155199 | 9379513 | 4408800 | 3204717** | 0 |
| പെർഫോ മൻസ് ഗ്രാന്റ് | 77807 | | 7153 | 84960 | 77807 | 7153** | 0 |

(*) സർക്കാരിലേക്ക് തിരികെ അടച്ചത്.

(**) വി.പി.എഫ്.എ 2 വിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തത്.

(***) റോഡ് അക്കൗണ്ടിലേക്ക് മാറ്റിയ തുക.

ബഡ്ജറ്റ് അലോക്കേഷൻ പ്രകാരം ലഭ്യമായ തുക മുഴുവനായി വിനിയോഗിക്കാത്തതു മൂലം ₹.12426470 ലാപ്സാവുകയും സർക്കാരിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 147 | 48500121 | 131 | 34009980 | 131 | 16 | 89% |

| നിർവ്വഹണഉദ്യോഗസ്ഥർ | പദ്ധതികളടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 3 | 5012500 | 2429841 | 48.47 |
| വെറ്റനറി സർജ്ജൻ | 3 | - | 457043 | - | 0% |
| മെഡിക്കലാഫീസർ(ആരോഗ്യം) | 8 | 8 | 1294000 | 7818000 | 60.41 |
| മെഡിക്കലാഫീസർ (ആയുർവ്വേദം) | 1 | 1 | 300000 | 300000 | 100 |
| വി ഇ ഒ | 10 | 8 | 6009882 | 2634200 | 43.83 |
| ഐ.സി.ഡി.എസ് | 6 | 6 | 3087766 | 2524871 | 81.77 |
| സെക്രട്ടറി | 26 | 23 | 7161805 | 5201783 | 72.63 |
| അസി: സെക്രട്ടറി | 13 | 11 | 6368995 | 4292027 | 67.38 |
| പ്രധാനഅദ്ധ്യാപകൻ | 10 | 9 | 877525 | 677525 | 77.2 |
| അസി:എഞ്ചിനീയർ | 65 | 61 | 17715605 | 15007933 | 84.71 |
| ഡയറി ഫാം ഇൻസ്ടക്ടർ | 2 | 1 | 215000 | 160000 | 74.44 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1)കക്കൂസ് നിർമ്മാണം

2)ഇരുപത് വർഷത്തെ ഡോക്കുമെന്റേഷൻ

3)ബയോഗ്യാസ് പ്ളാന്റ് സ്ഥാപിക്കൽ.

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം25.87ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2202623 | 1558915 | 643708 | 29.23 കുറവ് |
| നികുതിയേതര വരവുകൾ | 617887 | 532041 | 85846 | 13.89 കുറവ് |
| മറ്റുവരവുകൾ | - | - | - | |
| ആകെ | 2820590 | a2090956 | 729554 | 25.87 |

| | | | | |
|---|---|---|---|---|
| | | | | കുറവ് |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | 2015-16ൽ ലഭിച്ച അപേക്ഷകൾ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | - | - |
| കർഷകതൊഴിലാളി പെൻഷൻ | 53 | 53 |
| വിധവാ പെൻഷൻ | 56 | 50 |
| വാർദ്ധക്യകാല പെൻഷൻ | 312 | 219 |
| വികലാംഗപെൻഷൻ | 10 | 9 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 11 | 11 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 9-12-16 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3782/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം.

തെരുവു വിളക്കുകൾക്കുള്ള പരാതി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. മറ്റ് അപാകതകൾ ഒന്നുമില്ല.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16-11-2016 | ഒക്ടോബർ | ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | | 2016 | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 9-7-2007 | 1997-98 മുതൽ 2006-07 വരെ | 22-8-2007 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പരസ്യനികുതി പിരിവ് നിയമാനുസൃതമാക്കേണ്ടതാണ്

പല്ലശ്ശന ഗ്രാമപഞ്ചായത്തിലെ 2015-16 വർഷത്തേക്കുള്ള പരസ്യ നികുതി പിരിച്ചെടുക്കുന്നതിനുള്ള കുത്തകപ്പാട്ടം നൽകുന്നതിനായുള്ള ലേലത്തിൽ 6100/-രൂപ ഓഡിറ്റ് വർഷത്തിൽ വരവുണ്ട്. 27-2-2015 തീയതിയിലെ പഞ്ചായത്ത് തീരുമാനം നം.6(2) പ്രകാരമാണ് ലേലം അംഗീകരിച്ചിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| രശീതി നം./ തിയതി | തുക | പരസ്യ നികുതി പിരിക്കുവാൻ ചുമതലയുള്ള വ്യക്തി |
|---|---|---|
| 11415101026/26.2.15<br>11515100005/1.4.15 | 2050<br>4050 | മുരളീദാസ്.കെ, പാറക്കളം, പല്ലശ്ശന |

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 256-ാം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് ഒരു ബൈലോ തയ്യാറാക്കാവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പരസ്യ നികുതി ഈടാക്കുന്നതിനു വേണ്ടിയുള്ള മാതൃകാ ബൈലോ പ്രസിദ്ധീകരിച്ചിട്ടില്ല, എന്നിരിക്കെ എങ്ങിനെയാണ് കുത്തകപ്പാട്ടം ലഭിച്ചയാൾ നികുതി പിരിച്ചെടുക്കുന്നത് എന്നത് വ്യക്തമല്ല. കുത്തക ലഭ്യമായ ആൾ നിലവിലുള്ള പരസ്യങ്ങളുടെ വിവരങ്ങൾ, വലുപ്പം, സ്വഭാവം തുടങ്ങിയ പഞ്ചായത്തിൽ അറിയിക്കേണ്ടതും, ഗ്രാമപഞ്ചായത്ത് പരസ്യങ്ങൾ സംബന്ധിച്ച രജിസ്റ്റർ ഉണ്ടാക്കേണ്ടതുമാണ്. പഞ്ചായത്തിൽ ബൈലോയുടെ അടിസ്ഥാനത്തിലല്ല പരസ്യ നികുതി ഈടാക്കി വരുന്നത്.

പഞ്ചായത്ത് പരിധിയിലെ പരസ്യങ്ങൾക്ക് ചുമത്താവുന്ന നിരക്ക് നിശ്ചയിച്ച് ബൈലോ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കുകയും ആയതനുസരിച്ച് പരസ്യനികുതി പിരിച്ചെടുക്കുവാനുമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 2-2 ആവശ്യമായ നിരാക്ഷേപ സർട്ടിഫിക്കറ്റുകളുടെ അഭാവത്തിൽ ഡി&ഒ ലൈസൻസ് നൽകി

അപകടകരവും ആപത്കരവുമായ വ്യവസായ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുന്നതിനു മുമ്പായി ഹാജരാക്കേണ്ട നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ ഹാജരാക്കാതെ

ലൈസൻസ് അനുവദിച്ച തായി കാണുന്നു.

| അപേക്ഷാ നം. | പേര് | കച്ചവട സ്ഥാപനം | ഈടാക്കിയ ലൈസൻസ് ഫീസ് | രസീതി നം. | റിമാർക്സ് |
|---|---|---|---|---|---|
| 102/30.10.15 | എം.ഡി, ഹമാര പോളിമേഴ്സ്, അണ്ണക്കോട് | അമിനോ റെസിൻ നിർമാണം | 2000 | 11515101827/30.10.15 | പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അനുമതി, ഫാകടറീസ് ലൈസൻസ് എന്നിവ ഇല്ല |

നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കാതെ ലൈസൻസ് അനുവദിക്കുന്നത് ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാവുന്നതിന് ഇടയാവുന്നതാണ്.

## **2-3** <u>ലൈസൻസ് ഫീസ് വാങ്ങിയിട്ടുണ്ടെങ്കിലും ലൈസൻസ് നൽകിയിട്ടില്ല</u>

പല്ലശ്ശന ഗ്രാമപഞ്ചായത്തിൽ നിരവധി സ്ഥാപനങ്ങൾ സാനിട്ടറി സർട്ടിഫിക്കറ്റുകളില്ലാതെയാണ് ഓഡിറ്റ് വർഷത്തിൽ പ്രവർത്തിച്ചിട്ടുള്ളത്. ആവശ്യമായ നിരാക്ഷേപസാക്ഷ്യപത്രങ്ങൾ ലഭ്യമാക്കാതെ സമർപ്പിക്കുന്ന അപേക്ഷകരിൽനിന്ന് ഫീസ് വാങ്ങുകയും ലൈസൻസ് അനുവദിക്കാതിരിക്കുകയും ചെയ്യുന്ന പ്രവണതയാണ് ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നത്. ലൈസൻസ് ഫീസ് വാങ്ങിയതിനുശേഷം ലൈസൻസ് അനുവദിക്കാതിരുന്നാൽ ലൈസൻസ് അനുവദിച്ചതായി പരിഗണിക്കാവുന്നതാണ്.

നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ ഇല്ലാത്തതും ലൈസൻസ് അനുവദിച്ചതുമായ ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| അപേക്ഷാ നം. | പേര് | കച്ചവടസ്ഥാപനം | രസീതി നം. | തുക |
|---|---|---|---|---|
| 49 | പി.എസ്.ജോസഫ്, വാക്കോട് | ഇന്റർലോക്കിംഗ് ബ്രിക്സ് | 1141501710/ 24.3.15 | 300 |
| 103 | ഷാജഹാൻ, s/o ശാന്ത് മുഹമ്മദ് | പലചരക്ക് കട | 11515101009/ 25.6.15 | 100 |
| 104 | പാർവതി കോയു | കുലി അരവ് മിൽ | 11515101017/ 26.6.15 | 100 |
| 106 | കൃഷ്ണൻ.എം.ജി | | 11515101587/ 9.10.15 | 100 |

ആവശ്യമായ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കാതെ ഫീസ് സ്വീകരിച്ച സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയോ സ്റ്റോപ്പ് മെമ്മോ നൽകുകയോ ഗ്രാമപഞ്ചായത്ത് ചെയതിട്ടില്ല. ഭാവിയിൽ ഇത്തരം പ്രവണതകൾ ഒഴിവാക്കേണ്ടതാണ്.

## 2-4 കെട്ടിട നിർമാണം-എൻ ഒ സി അനുവദിച്ചതിലെ അപാകതകൾ

100 മീറ്റർ സ്ക്വയറിൽ കൂടുതൽ വിസ്തൃതിയുള്ള കെട്ടിടങ്ങൾക്ക് പെർമിറ്റ് അനുവദിക്കുന്നതിനു പകരം എൻ.ഒ.സി അനുവദിച്ചിരിക്കുന്നു. ജി.ഒ.(എം.എസ്)10/14/LSGD/10.1.14 പ്രകാരം 100 മീറ്റർ സ്ക്വയറിൽ കുറവ് വിസ്തൃതിയുള്ള കെട്ടിടങ്ങൾക്ക് മാത്രമാണ് എൻ.ഒ.സി അനുവദിക്കാവുന്നത്. (അതും കെ.എൽ.യു. ആവശ്യമില്ലാത്ത സ്ഥലത്ത് മാത്രം)വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| എൻ.ഒ.സി നം. | പേര് | വിസ്തൃതി |
|---|---|---|
| 1676/15,14.5.15 | ഉണ്ണികൃഷ്ണൻ, പല്ലാവൂർക്കാട് | 135.17m2 |
| 2199/15,22.5.15 | ജനാർദ്ദനൻ, ചേരുംകോട് വീട് | 122.30m2 |
| 2918/15,24.6.15 | വിശ്വകുമാർ, കാവേരി സദനം | 101.51m2 |
| 1444/15,14.5.15 | മീനാക്ഷിക്കുട്ടിയമ്മ,കുമാരം പുത്തൂർ | 139m2 |

മേൽപ്പറഞ്ഞ കെട്ടിടങ്ങളിൽനിന്നും പെർമിറ്റ് ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ട താണ്.

## 2-5 തൊഴിൽനികുതി- വ്യാപാര സ്ഥാപനങ്ങൾ റിട്ടേണുകൾ സമർപ്പിക്കുന്നില്ല .

1996 ലെ കേ പ രാ (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10, (ഫോം 6) പ്രകാരമുള്ള നോട്ടീസ് വ്യാപാര സ്ഥാപനങ്ങൾക്ക് നൽകുകയോ, വ്യാപാര സ്ഥാപനങ്ങൾ ഫോം 4 ൽ റിട്ടേണുകൾ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. വ്യാപാരസ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ് അപേക്ഷയിൽ കാണിക്കുന്ന വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ഉടമയിൽ നിന്നു മാത്രമാണ് നികുതി ചുമത്തുന്നത് . ഇക്കാരണത്താൽ ഓരോ സ്ഥാപനത്തിലും എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്ന് പഞ്ചായത്തിന് അറിയാൻ സാധിക്കുന്നില്ല, കൂടാതെ അവരിൽ നിന്നെല്ലാം ലഭ്യമാകുമായിരുന്ന നികുതി തുക നഷ്ടപ്പെടുകയും ചെയ്യുന്നു. വ്യപാരസ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാരെയും തൊഴിൽനികുതി പരിധിയിൽ കൊണ്ടുവരുന്നതിന് ഡിമാന്റ് നോട്ടീസ് നൽകി നികുതി ഈടാക്കുവാൻ

ശ്രമിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സമഗ്ര വിദ്യാഭ്യാസ പരിപാടി - ഹെഡ് മാസ്റ്റർ നടപ്പാക്കിയ പദ്ധതി - സബ്സിഡി മാർഗ്ഗ രേഖയ്ക്ക് വിരുദ്ധം- ചെലവ് അംഗീകരിക്കുന്നില്ല.

പ്രൊജക്ട് നമ്പർ 122/16

പ്രൊജക്ടിന്റെ പേര് സമഗ്ര വിദ്യാഭ്യാസ പരിപാടി

അടങ്കൽ 43275 രൂപ

ചെലവ് 43275 (ബിൽ നം 04/ 16 തീ. 13.07.15 )

(a) ആകെ തുകയായ 43275 രൂപയിൽ 13275 രൂപ സ്കൂൾ വാർഷികം നടത്തുന്നതിനു വേണ്ടി 7 സ്കൂളുകൾക്ക് വിതരണം ചെയ്ത തുകയാണ്.

(b) ബാക്കി തുക 30000 രൂപ സ്കൂളുകളുടെ സ്കൂൾ പത്രങ്ങൾ അച്ചടിക്കുന്നതിനു വേണ്ടി ESSPEEKAY പ്രിന്റേഴ്സ് എന്ന സ്ഥാപനത്തിന് നൽകിയ തുകയാണ്പന്ത്രണ്ടാം പഞ്ച വത്സര പദ്ധതി സബ്സിഡി മാർഗ്ഗ രേഖ സ.ഉ. (എം.എസ്) 362/13 ത.സ്വ.ഭ.വ തീ. 16.11.13 അനുബന്ധം -1 ഖണ്ഡിക .6 ഉപഖണ്ഡിക iii പ്രകാരം കുട്ടികളുടെ സർഗ്ഗാത്മക ശേഷികൾ വികസിപ്പിക്കുന്നതിനു വേണ്ടിയുള്ള പരിപാടി SSA യിൽ ഉൾപ്പെടുത്തി മാത്രമേ നടപ്പാക്കാൻ കഴിയൂ. സബ്സിഡി മാർഗ്ഗ രേഖയിൽ പ്രതിപാദിക്കാത്ത പ്രൊജക്ടുകൾക്ക് സർക്കാറിന്റെ മുൻകൂട്ടിയുള്ള അനുമതിയാവശ്യമാണ്. ആയതിനാൽ സ്കൂൾ വാർഷികം നടത്തുന്നതിനുള്ള ചെലവിലേക്കായി പ്ലാൻഫണ്ട്ഉപയോഗിച്ചത് അംഗീകരിക്കുന്നില്ല.ഈ തുക 13275 രൂപ ചെലവിനുത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കി പ്ലാൻ ഫണ്ടിലൊടുക്കേണ്ടതാണ്. സർക്കാറിന്റെ മുൻകൂട്ടിയനുമതി വാങ്ങാതെ സ്കൂൾ പത്രങ്ങൾ അച്ചടിക്കുന്നതിനു വേണ്ടി ചെലവഴിച്ച 30000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുകയും ചെയ്യുന്നു.

## 3-2 സർക്കാർ വിദ്യാലയങ്ങൾക്ക് ശിശു സൗഹൃദ ക്ലാസ്സ് മുറികളുടെ ഒരുക്കലും - സബ്സിഡി മാർഗ്ഗ രേഖാ നിർദ്ദേശങ്ങൾക്കു വിരുദ്ധം-120000 രൂപയുടെ ചെലവ് നിരാകരിക്കുന്നു.

പ്രൊജക്ട് നമ്പർ – 123/16

പ്രൊജക്ടിന്റെ പേര് – സർക്കാർ വിദ്യാലയങ്ങൾക്ക് ശിശു സൗഹൃദ ക്ലാസ്സ് മുറികളുടെ ഒരുക്കലും നിലവിലുള്ളവ പുതുക്കലും.

അടങ്കൽ - 120000/- രൂപ (വികസന ഫണ്ട്)

ചെലവ് -120000/- (ബിൽ നം.02/16 തീ. 13.07.15)

a) സ്കൂൾ കെട്ടിടത്തിൽ ചായമടിക്കുകയും ചിത്രം വരയ്ക്കുകയും ചെയ്യുതിനുള്ള ചെലവു തുക എന്ന് രേഖപ്പെടുത്തി, ലാൽ ആട്സ്, വീസൺസ് കോംപ്ലക്സ്, വടക്കഞ്ചേരി എന്ന് പേരിലുള്ള ഒരു സ്ഥാപനം സമർപ്പിച്ച, ആധികാരികമല്ലാത്തതും നമ്പർ ഇല്ലാത്തതുമായ ഒരു ബിൽ പ്രകാരം, ടി സ്ഥാപനത്തിന് 120000/- രൂപ അനുവദിച്ചതായാണ് കാണുന്നത്. (ചെക്ക് നം.318893,തീ.13.07.15) ഈ ചെലവുമായി ബന്ധപ്പെട്ട് മറ്റു വിശദാംശങ്ങളോ രേഖകളോ ഒന്നും തന്നെ ഹാജരാക്കിയില്ല.

താഴെ പറയുന്ന കാരണങ്ങളാൽ ഈ പ്രൊജക്റ്റിന്റെ ചെലവു തുക നിരാകരിക്കുന്നു.

1. ഈ പ്രൊജക്റ്റ് സബ്സിഡി മാർഗ്ഗ നിർദ്ദേശത്തിൽ ഉൾപ്പെടുന്നില്ല. സബ്സിഡി മാർഗ്ഗ രേഖയിൽ പ്രതിപാദിക്കാത്ത പ്രൊജക്റ്റുകൾക്ക് സർക്കാറിന്റെ മുൻകൂട്ടിയുള്ള അനുമതിയാവശ്യമാണ്. മാർഗ്ഗ രേഖയിൽ പ്രതിപാദിച്ച ഇനം, വിഭാഗം എന്നിവയ്ക്കല്ലാതെ പൊതു ഫണ്ട് ദുരുപയോഗം ചെയ്യുന്ന നടപടിക്ക് നിർവ്വഹണോദ്യോഗസ്ഥൻ വ്യക്തിപരമായി ബാധ്യസ്ഥനാകുമെന്ന് മാർഗ്ഗ രേഖയിൽ പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്.

2. ഭീമമായ തുക ചെലവഴിച്ച് പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കുന്നതുമായി ബന്ധപ്പെട്ട്, യോഗ്യനായ സാങ്കേതികോദ്യോഗസ്ഥൻ തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ടെൻഡർ നടപടി ക്രമങ്ങൾ പാലിച്ചു വേണം പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കാൻ. എന്നാൽ ഇത്തരത്തിലുള്ള നടപടിക്രമങ്ങളൊന്നും പാലിച്ചിട്ടില്ല. നിർവ്വഹിച്ച പ്രവൃത്തി മൂല്യ നിർണ്ണയം നടത്തിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്, “പല്ലാവൂർ ഗവ: എൽ.പി സ്കൂൾ, കുമാരംപുത്തൂർ ഗവ: എൽ.പി. സ്കൂൾ 2011 വരെയുള്ള വർഷങ്ങളിൽ പദ്ധതി തുക ഉപയോഗിച്ചാണ് വിദ്യാലയങ്ങൾ ശിശു സൗഹൃദമാക്കിയത്. തുടർന്ന് 5 വർഷങ്ങൾക്കു ശേഷം 2015ൽ ചായമടിക്കാനും ചിത്രങ്ങൾ പുനർനിർമിക്കാനുമുള്ള ഗ്രാമ പഞ്ചായത്തിന്റെ തീരുമാനത്തിന്റെ ഭാഗമായാണ് പ്രസ്തുത പദ്ധതി നിർവ്വഹണം നടത്തിയിട്ടുള്ളത്. ടെൻഡർ നടപടികൾ പൂർത്തീകരിച്ചാണ് ലാൽ ആട്സ്, വടക്കഞ്ചേരിക്ക് പ്രസ്തുത പ്രവൃത്തി ഏൽപ്പിച്ചത്.”

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക്, വികസന ഫണ്ട് നൽകുന്നത് വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി ക്രിയാത്മകവും സമയബന്ധിതവും പരമാവധി ക്ഷേമം ഉറപ്പു വരുത്തുന്ന വിധത്തിലും ചെലവഴിക്കുന്നതിനു വേണ്ടിയാണ്. പ്രൊജക്റ്റുകൾ തയ്യാറാക്കുമ്പോൾ മേൽ പറഞ്ഞ വിധമുള്ള സമൂഹ താൽപ്പര്യങ്ങൾ നിറവേറ്റുന്ന വിധത്തിലാണ് അവ തയ്യാറാക്കിയിരിക്കുന്നത് എന്നുറപ്പു വരുത്തേണ്ട ബാധ്യത നിർവ്വഹണോദ്യോഗസ്ഥനുണ്ട്. പ്രൊജക്റ്റ് നിർദ്ദേശങ്ങൾ ഗ്രാമസഭയിൽ നിന്നും ആവിർഭവിച്ച്, ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ വിശദമായ പഠനങ്ങൾക്കും ചർച്ചകൾക്കും ശേഷം തയ്യാറാക്കപ്പെടുകയും അംഗീകാരം ലഭ്യമാക്കുകയുമാണ് ചെയ്യേണ്ടത്. പ്രൊജക്റ്റുകൾക്ക് നിർവ്വഹണോദ്യോഗസ്ഥൻ തന്നെ രൂപം നൽകുകയും നടപ്പിലാക്കുകയും ചെയ്യുന്നത് പദ്ധതി മാർഗ്ഗ രേഖാ നിർദ്ദേശങ്ങൾക്കും വികേന്ദ്രീകൃതാ സൂത്രണ സങ്കൽപ്പങ്ങൾക്കും വിരുദ്ധമാണ്.

വിദ്യാർത്ഥികളുടെ സർഗ്ഗാത്മശേഷികൾ വികസിപ്പിക്കുന്നതിനും വൈവിധ്യമാർന്ന പാഠ്യേതര പ്രവർത്തനങ്ങൾക്കും വേണ്ടി ആകെ ലഭിക്കുന്ന ഗ്രാന്റിന്റെ നല്ലൊരു വിഹിതം SSAക്കു വേണ്ടി

തദ്ദേശ സ്ഥാപനങ്ങൾ നീക്കിവെക്കുന്നുണ്ട്. ഈ തുകക്ക് പുറമേ, വിദ്യാഭ്യാസ മേഖലയിൽ പ്രൊജക്ടുകൾ നടപ്പാക്കുമ്പോൾ ഇരട്ടിപ്പും ദുർവിനിയോഗവും വരാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണമെന്ന് നിർദ്ദേശമുണ്ട്. തനത് വരുമാനം ദയനീയമാംവിധം കുറവുള്ള പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം, സർക്കാറും വിവിധ ഏജൻസികളും നൽകുന്ന പരിമിതമായ വിഭവങ്ങൾ ഒട്ടേറെ അടിയന്തിരമായ മുൻഗണനകൾക്കു വേണ്ടി സമഗ്രവും ക്രിയാത്മകവുമായ രീതിയിൽ വീതം വെയ്ക്കേണ്ടി വരുന്ന സാഹചര്യത്തിൽ, പൊതു ഫണ്ടിന്റെ ഇത്തരത്തിലുള്ള വിനിയോഗം അംഗീകരിക്കാൻ നിർവ്വാഹമില്ല.

ആയതിനാൽ സബ്സിഡി മാർഗ്ഗ രേഖയിലെ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി, ഒരു സ്വകാര്യ സ്ഥാപനത്തിന്റെ തികച്ചും ആധികാരികമല്ലാത്ത ഒരു ക്യാഷ് ബില്ലിന്റെ അടിസ്ഥാനത്തിൽ ഭീമമായ തുക ചെലവഴിച്ചത് നിരാകരിക്കുന്നു. ഈ പ്രൊജക്ടിനു വേണ്ടി ചെലവഴിച്ച 120000/- രൂപ നിർവ്വഹണോദ്യോഗസ്ഥനായ ഹെഡ്മാസ്റ്ററിൽ നിന്നും ഈടാക്കി വികസന ഫണ്ടിലൊടുക്കണം.

## 3-3 പെൺകുട്ടികളുടെ കലാ-കായിക പരിശീലനം- സബ്സിഡി മാർഗ്ഗരേഖാ നിർദ്ദേശങ്ങൾക്കു വിരുദ്ധം -50000 രൂപയുടെ ചെലവു തുക തടസ്സപ്പെടുത്തുന്നു.

പ്രൊജക്ട് നം- 50000/- രൂപ

പ്രൊജക്ടിന്റെ പേര് – പെൺകുട്ടികളുടെ കലാ- കായിക പരിശീലനം.

അടങ്കൽ – 50000/- രൂപ ( വികസന ഫണ്ട് - എസ്.സി)

ചെലവ് – 50000/- രൂപ (ബിൽ നം 01/16 തീ.13.07.15)

127 പട്ടിക ജാതി പെൺകുട്ടികൾക്ക് ഹാൻഡ് ബോൾ പരിശീലനത്തിന് 20000/- രൂപയും കരാട്ടെ പരിശീലനത്തിന് 30000/- രൂപയും ചെലവഴിച്ച പദ്ധതിയാണിത്.

പന്ത്രണ്ടാം പഞ്ച വത്സര പദ്ധതി സബ്സിഡി മാർഗ്ഗ രേഖ സ.ഉ. (എം.എസ്) 362/13 ത.സ്വ.ഭ.വ തീ. 16.11.13. അനുബന്ധം.1 ഖണ്ഡിക16. ഉപഖണ്ഡിക ii), കായിക ക്ഷമതയുള്ള കുട്ടികളെ ചെറുപ്പത്തിലേ കണ്ടെത്തി ദീർഘവീക്ഷണത്തോടെയും സംസ്ഥാന സ്പോർട്സ് കൗൺസിലുകളുടെ പങ്കാളിത്തത്തോടെയും ശാസ്ത്രീയ പരിശീലന പരിപാടികൾ രൂപകൽപ്പന ചെയ്യുകയും തദനുസൃതമായി പ്രൊജക്ടുകൾ നടപ്പിലാക്കുകയും ചെയ്യണമെന്നാണ് നിഷ്കർഷിക്കുന്നത്. ഈ നിബന്ധനകളൊന്നും പാലിക്കാതെ ശ്രീ കെ. പ്രദീപ് എന്നയാൾക്ക് 20000/- രൂപ നൽകിയതായാണ് കാണുന്നത്.

ഈ പ്രൊജക്ടിന്റെ ബാക്കി തുകയായ 30000/- രൂപ പെൺകുട്ടികൾക്ക് കരാട്ടെ പരിശീലനം നൽകിയതിന് ശ്രീ.വിജയകുമാർ, റിട്ട. SI of Police , എന്നയാൾക്ക് നൽകിയതായാണ് കാണുന്നത് .

(1) സബ്സിഡി മാർഗ്ഗരേഖാ നിർദ്ദേശങ്ങൾപ്രകാരം വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പെൺകുട്ടികൾക്ക് കരാട്ടെ പരിശീലനം നൽകേണ്ടത്. എന്നാൽ പ്രത്യേക

ഘടക പദ്ധതി ഫണ്ടു വിനിയോഗിച്ചാണ് പ്രൊജക്റ്റ് നിർവ്വഹണം നടത്തിയിരിക്കുന്നത്.

(2) രണ്ട് പരിശീലന പരിപാടികളിലും പങ്കെടുത്തതെന്ന് പറയപ്പെടുന്ന കുട്ടികളുടെ ലിസ്റ്റ് ( സ്ഥാപന മേധാവികൾ സാക്ഷ്യപ്പെടുത്തിയത് ) അവരുടെ ഹാജർ സംബന്ധിച്ച വിശദാംശങ്ങൾ , മേൽ പറഞ്ഞ പരിശീലകരുടെ യോഗ്യത സംബന്ധിച്ച രേഖകൾ, അവരുടെ ഹാജർ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ, പരിശീലനം വിജയകരമായി പൂർത്തീകരിച്ചത് സംബന്ധിച്ച രേഖകൾ എന്നിവ യൊന്നും തന്നെ പരിശോധക്ക് ഹാജരാക്കിയില്ല. ആയതിനാൽ ടി പ്രൊജക്ടിനു വേണ്ടിചെലവഴിച്ച 50000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. (ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ ത്തിന്, പ്രസ്തുത രേഖകൾ ഹാജരാക്കുന്നതാണ് എന്ന മറുപടി ലഭിച്ചു. എന്നാൽ ഹാജരാക്കുക യുണ്ടായില്ല.)

## **3-4** <u>പട്ടിക ജാതി വിഭാഗം കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തൽ- സബ്സിഡി മാർഗ്ഗ രേഖാ നിർദ്ദേശങ്ങൾക്കു വിരുദ്ധം- **41000/-** രൂപയുടെ ചെലവു തുക നിരാകരിക്കുന്നു.</u>

പ്രൊജക്റ്റ് നം – 128/16

പ്രൊജക്ടിന്റെ പേര് – പട്ടിക ജാതി വിഭാഗം കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തൽ

അടങ്കൽ – 70000/- രൂപ

ചെലവ് – 70000/- രൂപ (ബിൽ നം.03/16 തീ. 13.07.15)

പട്ടിക ജാതി വിഭാഗം കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തൽ എന്ന പേരിൽ നടപ്പിലാക്കിയ പ്രൊജക്ടിനു വേണ്ടി താഴെ പറയും പ്രകാരമാണ് തുക ചെലവഴിച്ചിരിക്കുന്നത്.

(A) സ്റ്റേഷനറി സാധനങ്ങൾ- പ്രീമിയർ സ്റ്റോഴ്സ് പാലക്കാടിന് നൽകിയ തുക 1580/- രൂപ

(B) 60 പേർക്ക് ഭക്ഷണം നൽകിയതിന് ശ്രീലക്ഷ്മി കാറ്ററിംഗ് പല്ലശ്ശന എന്ന സ്ഥാപനത്തിന് നൽകിയത്- 7200 രൂപ.

( C ) നോട്ടീസ് -അച്ചടിക്കൂലി 800 രൂപ

( D) LSS,US & MRS പരിശീലനം നൽകുന്നതിനു വേണ്ടി 7 സ്കൂളുകൾക്ക് നൽകിയ തുക -10000രൂപ

( E) സ്കൂളുകൾക്ക് പത്രം വിതരണം നടത്തിയ വകയിൽ പത്രം ഏജന്റിന് നൽകിയ തുക -20000 രൂപ

(F) പട്ടിക ജാതി കുട്ടികൾക്ക് IT പഠന കേന്ദ്രത്തിൽ വെച്ച് കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിനു വേണ്ടി സ്വകാര്യ പരിശീലകർക്ക് പ്രതിഫലമായി നൽകിയ തുക 31000 രൂപ,

ആകെ തുക 70580 രൂപ

ഈ പ്രൊജക്ടിനു വേണ്ടി ചെലവഴിച്ച തുക താഴെ പറയുന്ന കാരണങ്ങളലാൽ നിരാകരിക്കുന്നു.

1. പരിശീലനത്തിന് തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളുടെ സ്ഥാപന മേധാവികൾ സാക്ഷ്യ

പ്പെടുത്തിയ ലിസ്റ്റില്ല.

2. അപേക്ഷകർ പട്ടിക ജാതിക്കാരാണെന്ന് തെളിയിക്കുന്ന രേഖകൾ ഇല്ല.

(iii) കമ്പ്യൂട്ടർ പരിശീലനത്തിന് സ്കൂളുകളുടെ IT വിഭാഗം വിപുലമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയ സാഹചര്യത്തിൽ വികസന ഫണ്ടുപയോഗിച്ച് പ്രത്യേക കമ്പ്യൂട്ടർ പരിശീലനം നൽകിയത് അനുവദിക്കാൻ നിർവ്വാഹമില്ല.

(iv) സബ്സിഡി മാർഗ്ഗ രേഖയിൽ പ്രത്യേകം പ്രതിപാദിച്ചില്ലാത്ത സാഹചര്യത്തിലും , തുക ചെലവഴിക്കുന്നതിനു വേണ്ടി പ്രത്യേക സർക്കാർ അനുമതിയില്ലാത്ത സാഹര്യത്തിലും , LSS,USS,MRS പരിശീലനങ്ങൾക്കു വേണ്ടി ചെലവഴിച്ച 10000 രൂപയുടെ ചെലവ് അംഗീകരിക്കാൻ നിർവ്വാഹമില്ല.

സബ്സിഡി മാർഗ്ഗ രേഖാ നിർദ്ദേശങ്ങൾക്കു വിരുദ്ധമായതിനാൽ ക്രമ നം. iii, iv പ്രാകാരമുള്ള ചെലവു തുക 41000/- രൂപ (31000 + 10000)ഓഡിറ്റിൽ നിരാകരിക്കുന്നു. രേഖകൾ ഹാജരാക്കുന്നതിനു വിധേയമായി ബാക്കി തുക 29000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുകയും ചെയ്യുന്നു.

## 3-5 പട്ടിക ജാതി വിദ്യാഭ്യാസ കർമ പദ്ധതി- സബ്സിഡി മാർഗ്ഗ രേഖാ നിർദ്ദേശങ്ങൾക്കു വിരുദ്ധം- 18750 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു

പ്രൊജക്ട് നം 129/16 രൂപ

പ്രൊജക്റ്റിന്റെ പേര് പട്ടിക ജാതി വിദ്യാഭ്യാസ കർമ പദ്ധതി-

അടങ്കൽ 18750 രൂപ രൂപ ( വികസന ഫണ്ട് - എസ്.സി)

ചെലവ് 18750 രൂപ ( ബിൽ നം നം 08/ 16 തീ.14.09.15തീ. )

പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന വീട് എന്ന ഈ പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി ചെലവഴിച്ച തുകയാണിത്. ചെലവു വിശദാംശങ്ങൾ താഴെ പറയുന്നു

(a) 01/15, 02/15 എന്നീ മാസങ്ങളിൽ പട്ടിക ജാതി കുട്ടികൾക്ക് ക്ലാസ്സെടുത്തിന് സ്വകാര്യ

പരിശീലകർക്ക് നൽകിയ തുക 10000

(b) ക്ലാസ്സിൽ പങ്കെടുത്ത വിദ്യാർത്ഥികൾക്ക് ലഘു ഭക്ഷണം 7500 രൂപ

(c) മൂല്യ നിർണ്ണയം- 1250 രൂപ

ആകെ 18750 രൂപ.

താഴെ പറയുന്ന കാരണങ്ങളാൽ ചെലവു തുക നിരാകരിക്കുന്നു.

(അ) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗ രേഖാ നിർദ്ദേശങ്ങളിൽ പ്രതിപാദിക്കാത്തതിനാൽ ഇത്തരമൊരു പദ്ധതി സർക്കാറിന്റെ മുൻകൂട്ടിയുള്ള അനുമതി കൂടാതെ നടപ്പിലാക്കാനാകില്ല)

( ആ) പദ്ധതിയുടെ ഗുണഭോക്താക്കളായ പട്ടിക ജാതി കുട്ടികളുടെ ജാതി സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല.

( ഇ) സ്കൂൾ അധികൃതരുടെ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

(ഈ) തുകയുടെ ചെലവു സംബന്ധിച്ച ഏതാനും രശീതികളല്ലാതെ , തുക വിനിയോഗിച്ച് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തൊക്കെയെന്നത് സംബന്ധിച്ച യാതൊരു രേഖകളും പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല.

(ഉ) പദ്ധതി മാർഗ്ഗ രേഖാ നിർദ്ദേശ പ്രകാരം പ്രൊജക്ടുകളുടെ മോണിറ്ററിംഗ് ചുമതല അതത് വിഷയ മേഖലയിൽപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾക്കാണ്. എന്നാൽ ഹെഡ്മാസ്ററർ നിർവ്വഹിച്ച പ്രൊജക്ടുകൾ മോണിറ്റർ ചെയ്യിക്കുന്നത് 3 ഭരണ സമിതിയംഗങ്ങൾ മാത്രമാണ്. ബന്ധപ്പെട്ട വിഷയമേലയിൽ വൈദഗ്ധ്യമുള്ള മറ്റൊരാംഗവും ടി പ്രൊജക്ടുകൾ മോണിറ്റർ ചെയ്യുകയോ പദ്ധതിയുടെ പരിസമാപ്തിയെപ്പറ്റി ആധികാരികമായ അഭിപ്രായം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഈ നടപടി മോണിറ്ററിംഗ് സംബന്ധിച്ച സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് , നൽകിയ മറുപടി താഴെ പറയും പ്രകാരമാണ്.

“കുട്ടികളുടെ ഹാജർ, സ്കൂൾ അധികാരികളുടെ സാക്ഷ്യപത്രം , എന്നിവ ഹാജരാക്കേണ്ടതാണ്. 2014 സെപ്റ്റംബർ 2015 ഫെബ്രുവരി നടന്ന സായാഹ്ന ക്ലാസ്സുകളിലെ മറ്റു രേഖകൾ നേരത്തെ പരിശോധനയ്ക്ക് വിധേയമാക്കിയിരുന്നു. തുടർന്നും ഹാജരാക്കേണ്ടതാണ്.”

നിർവ്വഹണോദ്യോഗസ്ഥൻ മേൽ പറഞ്ഞ വിധം സമർപ്പിച്ച അവ്യക്തവും നിരുത്തരവാദപരവുമായ മറുപടി അംഗീകരിക്കാൻ നിർവ്വാഹമില്ല. ആയതിനാൽ ഈ പദ്ധതിക്കു വേണ്ടി ചെലവഴിച്ച 18750 രൂപ ചെലവിനുത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കി പൊതു ഫണ്ടിലൊടുക്കണം.

## 3-6 <u>പഞ്ചായത്തിൽ വിദ്യാഭ്യാസ മികവ് പുലർത്തുന്ന കുട്ടികൾക്കുള്ള പ്രൊത്സാഹനം-ക്യാഷ് അവാർഡ് വിതരണം- 25500 രൂപയുടെ ചെലവ് നിരാകരിക്കുന്നു.</u>

പ്രൊജക്ട് നമ്പർ 130/16

പ്രൊജക്ടിന്റെ പേര് പഞ്ചായത്തിൽ വിദ്യാഭായാസ മികവ് പുലർത്തുന്ന

കുട്ടികൾക്കുള്ള പ്രോത്സാഹനം

അടങ്കൽ 25500 രൂപ ( വികസന ഫണ്ട്)

ചെലവ് 25500 രൂപ ( ബിൽ നം 07/ 16 തീ.14.09.15)

SSLC യിൽ 9A+മുതൽ Full A+ ലഭിച്ച കുട്ടികൾക്കും plus 2 , LSS, USS ലഭിച്ച കുട്ടികൾക്കും ക്യാഷ് അവാർഡ്, മൊമെന്റോ, വിതരണം, ഭക്ഷണ വിതരണം എന്നിവയ്ക്കുവേണ്ടി ചെലവഴിച്ച തുകയാണിത്. ചെലവു വിശദാംശങ്ങൽ താഴെ പറയുന്നു.

(a) മൊമെന്റോ വാങ്ങിയതുള്ള ചെലവ് 15675 രൂപ

( b) ഭക്ഷണച്ചെലവ് 3600 രൂപ

(c) ക്യാഷ് അവാർഡ് 6400 രൂപ

ആകെ 25675 രൂപ

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗ രേഖ സ.ഉ. (കൈ) 362/ 13 ത.സ്വ.ഭ.വ തീയ്യതി 16.11.13 -ലെ നിർദ്ദേശ പ്രകാരം വികസന ഫണ്ടിൽ തുക ചെലവഴിച്ച് ഇത്തരം പ്രൊജക്ടുകൾ നടപ്പാക്കാൻ പാടില്ല.

ആയതിനാൽ വികസന ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിന് സർക്കാർ നിർദ്ദേശിച്ച യാതൊരു നിയന്ത്രണങ്ങളും പാലിക്കാതെ , സർക്കാറിന്റെ മുൻകൂട്ടിയുള്ള അനുമതി ലഭ്യമാക്കാതെ , ഭക്ഷണവിതരണമുൾപ്പെടെയുള്ള പരിപാടികൾ നടപ്പിലാക്കാൻ വേണ്ടി വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് ചെലവഴിച്ച തുക 25500 രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. 25500 രൂപ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കി പൊതു ഫണ്ടിലൊടുക്കേണ്ടതാണ്.

## 3-7 തുല്യതാ പഠനം( ജനറൽ &എസ്.സി)- പൊതു ഫണ്ടിന്റെ ദുരുപയോഗം- 100000 രൂപയുടെ ചെലവു നിരാകരിക്കുന്നു.

(A) പ്രൊജക്ട് നം 125 /16

പ്രൊജക്ടിന്റെ പേര് തുല്യതാ പഠനം( എസ്.സി)

അടങ്കൽ 50000 രൂപ

ചെലവ് 50000 ( ബിൽ നം08/16 തീ.26.09.15)

(B) പ്രൊജക്ട് നം 126 /16

പ്രൊജക്ടിന്റെ പേര് തുല്യതാ പഠനം( ജനറൽ)

അടങ്കൽ 50000 രൂപ

ചെലവ് 50000 ( ബിൽ നം09/16 തീ.26.09.15)

പന്ത്രണ്ടാം പഞ്ച വത്സര പദ്ധതി സബ്സിഡി മാർഗ്ഗ രേഖ സ.ഉ. (എം.എസ്) 362/13 ത.സ്വ.ഭ.വ തീ. 16.11.13 അനുബന്ധം -1 ഖണ്ഡിക .6 ഉപഖണ്ഡിക vii പ്രകാരം , തുടർ സാക്ഷരതാ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ ക്ലാസ്സുകളിൽ പരീക്ഷയെഴുതുന്നവർക്ക് കേരള സംസ്ഥാന സാക്ഷരതാ മിഷൻ നൽകുന്ന പാഠ പുസ്തകങ്ങളുടെ വിലയും ഇവർ സാക്ഷതാ മിഷനിൽ അടയ്ക്കേണ്ട ഫീസും മാത്രമേ തദ്ദേശസ്ഥാപനങ്ങൾ നൽകാവൂ. എന്നാൽ രണ്ട് പ്രൊജക്ടുകളിലായി 10000 രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് സ്റ്റേഷനറി വസ്തുക്കൾ വാങ്ങുക, പഠിതാക്കളുടെ ഫോട്ടോയെടുക്കുക, പഠിതാക്കൾക്ക് ബോധവൽക്കരണം നടത്തുക , ഭക്ഷണം നൽകുക , ക്ലാസ്സ് കൈകാര്യം ചെയ്ത സ്വകാര്യ വ്യക്തിക്കൾക്ക്ഭക്ഷണവും യാത്രാപ്പടിയും നൽകുക

എന്നിവയ്ക്കാണ് ചെലവഴിച്ചിരിക്കുന്നത്. ( ഈ ചെലവുകളുമായി ബന്ധപ്പെട്ട് സമർപ്പിച്ച ബില്ലുകളും രശീതുകളുംആധികാരികവുമല്ല) ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് , "പഞ്ചായത്ത് സാക്ഷരതാ സമിതിയുടെ കീഴിലുള്ള 3 പ്രേരക്മാരുടെ നേതൃത്വത്തിലാണ് തുല്യതാ പഠനപ്രവർത്തനങ്ങൾ നടത്തിയത് . പരീക്ഷയ്ക്ക് ഇരിക്കേണ്ടവരെ തയ്യാറാക്കൽ, പ്രാദേശിക ബോധവൽക്കരണ ക്ലാസ്സുകൾ, പഠിതാക്കൾക്ക് പഠനോപകരണ ങ്ങൾ എന്നിവയാണ് അംഗീകരിച്ച പദ്ധതിയിലുള്ളത്. " എന്നാണ്. എന്നാൽ പ്രത്യേക മാർഗ്ഗ നിർദ്ദേശങ്ങൾക്ക വിരുദ്ധമായി പൊതു ഫണ്ട്, ബോധവൽക്കരണം ,ഭക്ഷണ വിതരണം ,യാത്രാപ്പടി എന്നിവയ്ക്ക വേണ്ടി ചെലവഴിച്ചത് പൊതു ഫണ്ടിന്റെ ദുർവിനിയോഗമായതിനാൽ ചെലവ് അംഗീകരിക്കാനാവില്ല. ആയതിനാൽ മേൽപ്പറഞ്ഞരണ്ട് പ്രൊജക്ടുകൾക്ക വേണ്ടി ചെലവഴിച്ച 100000 രൂപ നിർവ്വഹണോദ്യോഗസ്ഥനായ ഹെഡ്മാസ്ററിൽ നിന്നും ഈടാക്കി വികസന ഫണ്ടിലൊടുക്കണം.

## 3-8 പകർച്ച വ്യാധി നിയന്ത്രണം- PHC മെഡിക്കൽ ഓഫീസർ നിർവ്വഹിച്ച പദ്ധതി- അനുവദിക്കപ്പെടാത്ത ചെലവിനങ്ങളുടെ തുക നിരാകരിക്കുന്നു.

പ്രൊജക്ട് നമ്പർ -116/16

പ്രൊജക്ടിന്റെ പേര് – പകർച്ച വ്യാധി നിയന്ത്രണം.

അടങ്കൽ -100000/- രൂപ

1. ചെലവ് 40000 രൂപ (ബിൽ നം. 04/15 തീ. 28.09.15)
2. 10000 രൂപ (ബിൽ നം.10/16 തീ. 25.01.16)
3. 25000 രൂപ (ബിൽ നം.11/16 തീ. 25.01.16)
4. 10000 രൂപ (ബിൽ നം.19/15 തീ. 27.02.16)
5. 15000 രൂപ (ബിൽ നം.24/15 തീ. 26.03.16)

മേൽ പറഞ്ഞ ചെലവിനങ്ങളുടെ ഭാഗമായി D&O Trade Inspection- Vehicle Rent എന്നപേരിൽ 10000 രൂപയും, ആരോഗ്യ ബോധവൽക്കരണം- സിനിമാ പ്രദർശനമെന്ന പേരിൽ 15000 രൂപയും ചെലവഴിച്ചിട്ടുണ്ട്. D&O Trade Inspection- Vehicle Rent- എന്ന പേരിൽ വികസന ഫണ്ട് ചെലവഴിച്ചത് ക്രമ വിരുദ്ധമാണ്. ആരോഗ്യ ബോധവൽക്കരണത്തിനു വേണ്ടി ചെലവഴിച്ച തുക പദ്ധതി മാർഗ്ഗ രേഖാ നിർദ്ദേശങ്ങൾക്കും വിരുദ്ധമാണ്. ആയതിനാൽ ഈ രണ്ട് ഇനങ്ങൾക്ക വേണ്ടി ചെലവഴിച്ച ആകെ തുക 25000/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. 25000/-രൂപ ചെലവിനുത്തരവാദി യായ മെഡിക്കൽ ഓഫീസറിൽ നിന്നും ഈടാക്കി പൊതു ഫണ്ടിലൊടുക്കണം.

## 3-9 ആശ്രയ പദ്ധതി -അവലോകനം

സമൂഹത്തിലെ നിരാലംബരും നിരാശ്രയരുമായ കുടുംബങ്ങളെ സാമൂഹിക, സാമ്പത്തിക പിന്നോക്കാവസ്ഥയിൽ നിന്ന് കരകയറ്റുന്നതിനായിട്ടുള്ള കേരള സർക്കാരിന്റെ പദ്ധതിയാണ്

ആശ്രയ. ജി.ഒ.(എം.എസ്)നം.71/2003/പ്ലാനിംഗ്/12.11.2003 അനുസരിച്ചാണ് ആശ്രയ പദ്ധതി ആദ്യമായി ആരംഭിച്ചത്. തുടർന്ന് വിവിധ ഉത്തരവുകളിൽ ഈ പദ്ധതിയ്ക്ക് സമൂലമായ മാറ്റങ്ങൾ വരുത്തുക യുണ്ടായി. സ.ഉ(എം.എസ്)നം.362/2013/ത.സ്വ.ഭ.വ. തി.16.11.2013 പ്രകാരം അയൽക്കൂട്ടങ്ങൾ അഗതി കുടുംബങ്ങളെ കണ്ടെത്തുകയും, അപ്രകാരം കണ്ടെത്തുന്ന അഗതി കുടുംബങ്ങളുടെ നില നിൽപിനും, സാമൂഹ്യമായ മുന്നേറ്റങ്ങൾക്കും വേണ്ടി ആശ്രയ എന്ന പ്രൊജക്ട് തയ്യാറാക്കിയിരിക്കണം.

പല്ലശ്ശന ഗ്രാമപഞ്ചായത്തിൽ സർവ്വേയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിവരങ്ങൾ അനുസരിച്ച് അഗതി കുടുംബങ്ങളുടെ ആവശ്യകതകൾ സംബന്ധിച്ച് താഴെപ്പറയും പ്രകാരം പ്രൊജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ സംക്ഷിപ്തം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഇനം | ആവശ്യമുള്ളത് | | ലഭ്യമാക്കിയത് | |
|---|---|---|---|---|---|
| | | 1 ാം ഘട്ടം | 2 ാം ഘട്ടം | 1 ാം ഘട്ടം | 2 ാം ഘട്ടം |
| 1 | വീട് | 38 | 35 | 16 | 4 |
| 2 | ഭൂമി | 9 | 5 | 4 | 0 |
| 3 | വീട് റിപ്പയർ | 52 | 27 | 28 | 3 |
| 4 | കുടിവെള്ളം | 46 | 0 | 0 | 0 |
| 5 | കക്കൂസ് | 74 | | 0 | |
| 6 | വൈദ്യുതി | 47 | 10 | 0 | 0 |

സ.ഉ(എം എസ്) 362/2013 തസ്വഭവ തി. 16.11.2013 അനുബന്ധം 14 ഖ. 6.7 (i) അനുസരിച്ച് ഭൂരഹിതരായ എല്ലാ അഗതി കുടുംബങ്ങൾക്കും വീട് വെക്കുന്നതിന് ഭൂമി വാങ്ങി നൽകിയതിന് ശേഷം മാത്രമേ ദാരിദ്ര്യ രേഖക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് ഈ ആവശ്യത്തിന് ഭൂമി നൽകാൻ പാടുള്ളൂ. ഇതേ ഉത്തരവിലെ അനുബന്ധം 14 ഖ. 6.8 (i) അനുസരിച്ച് ഭവന രഹിതരും, ആവശ്യത്തിന് ഭൂമി ഉള്ളവരുമായ എല്ലാ അഗതി കുടുംബങ്ങൾക്കും ഭവന നിർമ്മാണ ധനസഹായം മുൻഗണനയുടെ അടിസ്ഥാനത്തിൽ നൽകണം. അതിന് ശേഷം മാത്രമേ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് വീട് നൽകാൻ പാടുള്ളൂ. അനുബന്ധം 14 ഖ. 6.8(ii) അനുസരിച്ച് അഗതി കുടുംബങ്ങളുടെ ഭവന നിർമ്മാണം അയൽക്കൂട്ടങ്ങളെ ഏൽപ്പിക്കണം.

ആശ്രയ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 98 ഗുണഭോക്താക്കളും രണ്ടാം ഘട്ടത്തിൽ 183 ഗുണഭോക്താക്കളും ഉൾപ്പെടെ ആകെ 281 ലിസ്റ്റിൽ അഗതികളാണ് ഉള്ളത്. ആശ്രയ പദ്ധതി തുടങ്ങി ഇതുവരെയായി മേൽ പറഞ്ഞ ആനുകൂല്യങ്ങൾ ആണ് നൽകിയിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് ആശ്രയ പദ്ധതിയ്ക്കുള്ള വിഹിതം പരിമിതമായി മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ചാലഞ്ച് ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതി നടത്തിപ്പ് തുടർന്നുവരുന്നുണ്ട്. ആശ്രയ ഗുണഭോക്താക്കളുടെ സമഗ്ര ഉന്നമനത്തിനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പാക്കുകയും ചെയ്യേണ്ടതാണ്.

## 3-10 മൃഗ സംരക്ഷണ മേഖലയിൽ പ്രൊജക്റ്റുകളൊന്നും നടപ്പാക്കിയില്ല

മൃഗസംരക്ഷണ പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ ഭൂപ്രകൃതിയുള്ള പഞ്ചായത്ത് 2015-2916 സാമ്പത്തിക വർഷത്തിൽ ഈ മേഖലയ്ക്ക് കാര്യമായ പരിഗണന നൽകിയിട്ടില്ല.

മൃഗ സംരക്ഷണ രംഗത്ത് വൈവിധ്യമാർന്ന പ്രൊജക്റ്റുകൾ നടപ്പാക്കാൻ സർക്കാർ അനുമതിയുണ്ടായിട്ടുപോലും ഈ രംഗത്ത് ക്രിയാത്മകമായ പ്രൊജക്റ്റുകളൊന്നും തന്നെ വിഭാവനം ചെയ്ത് നടപ്പാക്കിയില്ല. ദാരിദ്ര്യത്തെ ഫലപ്രദമായി നേരിടുന്നതിൽ ഉൽപ്പാദന മേഖലയിലെ പ്രവർത്തനങ്ങൾക്ക് പ്രത്യേകിച്ചും മൃഗസംരക്ഷ രംഗത്ത് പ്രവർത്തനങ്ങൾക്ക് കാര്യമായ പങ്കുണ്ടെന്നിരിക്കെ ഈ രംഗത്തുള്ള വികസന സാധ്യതകൾ വിനിയോഗിക്കപ്പെടാതെ പോകുന്നത് അഭിലഷണീയമല്ല. മൃഗ സംരക്ഷണ പ്രൊജക്റ്റുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിലേക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ പ്രത്യേക പരിഗണനയുണ്ടാകേണ്ടതുണ്ട്.

## 3-11 സ്കൂൾക്കുട്ടികൾക്ക് പഠനോപകരണങ്ങൾ നല്കൽ പ്രോജക്റ്റ് പ്രകാരമുള്ള അർഹതാ മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല.

പ്രോജക്റ്റ് നം.163/16

ബിൽ നം.22/2015-16,22-3-2016,

തുക. 77997/-രൂപ

സ്കൂൾക്കുട്ടികൾക്ക് പഠനോപകരണങ്ങൾ

നല്കൽ എന്ന പദ്ധതിയിൽ അർഹതാമാനദണ്ഡങ്ങൾ പ്രോജക്റ്റ് പ്രകാരം നിഷ്കർഷിരിക്കുന്നത് താഴെപ്പറയും പ്രകാരമാണ്. (1) പട്ടികജാതി, (2)പെൺകുട്ടികൾ, (3)ബിപിഎൽ, ഇവിടെ 2സ്കൂളിലെ10വീതം വിദ്യാർത്ഥികൾക്കാണ് ആനുകൂല്യം നല്കിയിരിക്കുന്നത് എന്നാൽ ആദ്യത്തെ സ്കൂളിൽനിന്നുള്ള ലിസ്റ്റിൽ 2(എപിഎൽ) ആൺകുട്ടികളും ഉൾപ്പെട്ടിട്ടുണ്ട്. രണ്ടാമത്തെ സ്കൂളിൾ ലിസ്റ്റിലെ ഗുണഭോക്താക്കൾ എപിഎൽ ബിപിഎൽ ആണോ എന്ന് വ്യക്തമാക്കിയിട്ടില്ല. (ടി ലിസ്റ്റുകൾ ഗ്രാമസഭ അംഗീകരിച്ചിട്ടുണ്ട്) ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-12 അംഗപരിമിതർക്ക് മുച്ചക്രവാഹനം വിതരണം അപാകത

അംഗപരിമിതർക്ക് മുച്ചക്രവാഹനം വിതരണം അപാകത

പ്രോജക്റ്റ് നം.106/16,

ബിൽ നം.16/15-16,

തീയ്യതി 11-3-2016,

2015-16സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ

അംഗപരിമിതർക്ക് മുച്ചക്രവാഹനം വിതരണം എന്ന പ്രോജക്റ്റിന്റെ നിർവ്വഹണത്തിൽ അർഹരായ ഗുണഭോക്താക്കൾക്ക് വാഹനം ഓടിക്കുന്നതിന് മതിയായ ലൈസൻസ് ഉണ്ടെന്ന് ഉറപ്പ് വരുത്തിയിട്ടില്ല. ആയതിൻമേൽ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-13 മീഡിയാശ്രീ തുക തിരികെ ഈടാക്കുക.

മീഡിയാശ്രീ തുക തിരികെ ഈടാക്കുക.

പ്രോജക്റ്റ് നം- 105/16,

ബിൽ നം-3/15-16, തീയ്യതി.30-9-2016,

തുക – 65,000/-രൂപ

സർക്കാർ ഉത്തരവ് (തസ്വഭവ)നം.452/2015 തീയ്യതി 16-2-15ലെ നിർദ്ദേശ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചരിത്രവും വർത്തമാനപദ്ധതികളും നിലവിലുള്ള സമിതികളുടെ നേട്ടങ്ങളും ഡോക്കുമെന്ററി ചിത്രങ്ങളായി പുറത്തിറക്കുന്നതിന് വേണ്ടി മുൻകൂർ എന്ന നിലയിൽ പദ്ധതി വിഹിതം ഫണ്ട് ഉപയോഗിച്ച് 65000/-രൂപ കുടുബശ്രീ സ്റ്റേറ്റ് മിഷൻ കോർഡിനേറ്റർക്ക് നല്കുവാൻ വേണ്ടി തുക പിൻവലിച്ച് ഡിഡി ആക്കിയിരുന്നു. എന്നാൽ തെരഞ്ഞെടുപ്പ് വിജ്ഞാപനം വന്ന സാഹചര്യത്തിൽ ടി തുക(ഡി ഡി) സ്റ്റേറ്റ് മിഷൻ കോർഡിനേറ്റർ സ്വീകരിക്കുകയുണ്ടായില്ല. എന്നാൽ ടി തുക മറ്റൊരു സർക്കാർ ഉത്തരവ് കൂടാതെ കുടുബശ്രീ ജില്ലാ മിഷൻ കോർഡിനേറ്ററെ ഏല്പിച്ചിരിക്കുകയാണ്. പ്രോജക്റ്റ് ആരംഭിക്കാത്ത സാഹചര്യത്തിലും ടി തുകയുടെ വിനിയോഗ പുരോഗതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കാത്ത സാഹചര്യത്തിലും, ടി തുക തിരികെ ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-14 പിൻവലിച്ച് അക്കൗണ്ടിൽ നിക്ഷേപിച്ച പ്ലാൻഫണ്ട് തുകകൾ തിരിച്ചടക്കണം

പല്ലശ്ശന ഗ്രാമപഞ്ചായത്തിൽ ഒക്ടോബർ 2015 വരെ നോൺബാങ്കിംഗ് ട്രഷറിയായിരുന്ന കൊല്ലങ്കോട് സബ്ട്രഷറിയിലാണ് പ്ലാൻഫണ്ടിന്റെ ഇടപാടുകൾ നടത്തിയിരുന്നത്. നോൺബാങ്കിംഗ് ട്രഷറിയിൽ നിന്നും പണമായി ലഭിക്കുന്ന തുകകൾ പഞ്ചാബ് നാഷണൽ ബാങ്കിലുള്ള പ്ലാൻഫണ്ടിന്റെ ബാങ്ക് അക്കൗണ്ടിലാണ്(നം.4296000100063904) നിക്ഷേപിച്ചിരുന്നത്. ഈ അക്കൌണ്ടിൽ 1.4.15 തീയതിയിൽ 2225061രൂപ മുന്നിരിപ്പും 31.3.16 തീയതിയിൽ 1295767 രൂപ നീക്കിയിരുപ്പുമുണ്ട്. G.O.(P)177/2006/Fin,12.4.2006പ്രകാരം നോൺബാങ്കിംഗ് ട്രഷറിയുമായി ബന്ധപ്പെട്ട പ്ലാൻ അക്കൗണ്ടിൽ നീക്കിയിരിപ്പായി തുകയൊന്നും അവശേഷിക്കുവാൻ പാടുള്ളതല്ല. നീക്കിയിരിപ്പുള്ള തുക ഏതെല്ലാം പദ്ധതികൾക്ക്, ഏത് വർഷം ലഭ്യമായി, ആയതിൽ ചെലവഴിച്ചതും അവശേഷിക്കുന്നതുമായ തുകയുടെ വിശദവിവരങ്ങൾ ലഭ്യമല്ല. പിൻവലിച്ച തുകയുടെ നീക്കിയിരുപ്പിന്റെ വിശദാംശം രേഖപ്പെടുത്തുന്നതിന് അപ്രോപ്രിയേഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. മറ്റ് ഫണ്ടുകൾ ഇതിൽ ഉൾപ്പെടുന്നുണ്ടോ എന്നത് സംബന്ധിച്ച് വ്യക്തതയില്ല. മുൻവർഷങ്ങളിൽ പ്ലാൻഫണ്ടിൽനിന്നും പിൻവലിച്ചതും ചെലവഴിക്കാത്തതുമായ തുകകൾ ഏതെല്ലാം പദ്ധതികൾക്കായി

പിൻവലിച്ചതാണെന്നുള്ള കൃത്യമായ കണക്കുകൾ കണ്ടെത്തി തുക സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്.

# 3-15 കരാർ വയ്ക്കുന്നതിൽ കാലതാമസം പിഴ ഈടാക്കിട്ടില്ല.

മരാമത്ത് പ്രവർത്തികൾ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചതിന് ശേഷം നിശ്ചിത സമയ പരിധിക്കകം കരാർ വയ്ക്കേണ്ടതാണ്. എന്നാൽ 2015-16 സാമ്പത്തിക വർഷത്തിൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച താഴെപ്പറയുന്ന പ്രവർത്തികളുടെ കരാറുടമ്പടികൾ വച്ചിരിക്കുന്നത് മാസങ്ങൾക്ക് ശേഷം മാത്രമാണ്. എന്നാൽ 1-7-2015ൽ നടത്തിയ ടി ടെണ്ടറിന് ഭരണ സമിതി 7-7-2015ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകാരം നല്കിയിട്ടുണ്ട്. ആയതിന് പൊതുമരാമത്ത് ചട്ടപ്രകാരമുള്ള പിഴ ഈടാക്കേണ്ടതാണ്. വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രവർത്തിയുടെ പേര് | അടങ്കൽ | കരാർ തീയ്യതി | ഈടാക്കണ്ട പിഴ |
|---|---|---|---|---|
| 1 | പല്ലാവൂർ ഗണപതി കോവിൽ റോഡ് | 243700 | 31-8-15 | 2437 |
| 2 | കിഴക്കേത്തറ ലക്ഷംവീട് കോളനി റോഡ് | 220000/- | 31-8-15 | 2200/- |
| 3 | പല്ലാവൂർ കരിമ്പാറത്തൊടി റോഡ് | 110000/- | 31-8-15 | 1100/- |
| 4 | കരിമ്പാറത്തൊടി റോഡ് | 115000/- | 1-9-15 | 1150/- |
| 5 | പയറ്റുകാട് റോഡ് | 190000/- | 1-9-15 | 1900/- |
| 6 | വടക്കത്തറ റോഡ് | 190000/- | 1-9-15 | 1900/- |
| 7 | നടുത്തറ റോഡ് | 190000/- | 1-9-15 | 1900/- |
| 8 | കാട്ടുവെട്ടി റോഡ് കൾവർട്ട് | 190000/- | 1-9-15 | 1900/- |
| 9 | പടിഞ്ഞാമുറി കോളനി റോഡ് | 220000/- | 1-9-15 | 2200/- |
| 10 | പടിഞ്ഞാമുറി കോളനി റോഡ് റീടാറിംഗ് | 350000/- | 7-9-15 | 3500/- |
| 11 | മലയൻകുഴി സ്കൂൾ റോഡ് | 350000/- | 7-9-15 | 3500/- |
| 12 | കാഞ്ഞിരത്ത് പാടം റോഡ് | 220000/- | 7-9-15 | 2200/- |
| 13 | കെ സി പറമ്പ് റോഡ് | 220000/- | 7-9-15 | 2200/- |
| 14 | പൂളക്കപ്പൊറ്റ തച്ചമ്പൊറ്റ റോഡ് | 350000/- | 7-9-15 | 3500/- |
| 15 | ചെമ്പറോഡ് റോഡ് | 110000/- | 7-9-15 | 1100/- |

| | | | | |
|---|---|---|---|---|
| 16 | തെക്കുംപുറം റോഡ് | 350000/- | 7-9-15 | 3500/- |
| 17 | പല്ലാവൂർ ഗ്രാമം റോഡ് | 350000/- | 7-9-15 | 3500/- |
| 18 | മുരുക്കലി റോഡ് സൈഡ് കെട്ടൽ | 190000/- | 7-9-15 | 1900/- |
| 19 | അയ്യൻകുളംറോഡ് സൈഡ് കെട്ടൽ | 190000/- | 7-9-15 | 1900/- |
| 20 | വിനായകാ കോളനി റോഡ് | 190000/- | 7-9-15 | 1900/- |
| 21 | തല്ലമന്നം റോഡ് | 190000/- | 7-9-15 | 1900/- |
| 22 | പന്തപ്പുള്ളി റോഡ് | 190000/- | 7-9-15 | 1900/- |
| 23 | കരടിയൻകാട് റോഡ്സൈഡ് കെട്ടൽ | 220000/- | 7-9-15 | 2200/- |
| 24 | താമരമുകൾ റോഡ്. | 220000/- | 7-9-15 | 2200/- |
| 25 | അണ്ണക്കോട് കോളനി റോഡ്. | 220000/- | 7-9-15 | 2200/- |
| 26 | പൂളപ്പറമ്പ് കുറ്റിപ്പുള്ളി റോഡ്. | 350000/- | 7-9-15 | 3500/- |
| 27 | പന്തോട്ടുതറ റോഡ്. | 350000/- | 7-9-15 | 3500/- |
| 28 | പുത്തൻകാവ് ചെമ്മണാമട റോഡ്. | 350000/- | 7-9-15 | 3500/- |
| 29 | അണ്ണക്കോട് തറ റോഡ്. | 350000/- | 7-9-15 | 3500/- |
| 30 | ചെമ്മണംകാട് കനാൽ റോഡ് | 350000/- | 7-9-15 | 3500/- |
| | | | | 75187 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 2015-16 | 500000 | പാലിയേറ്റീവ് കെയർ | 465500 | 34500 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്സ്. ഇ.ബി | സ്ട്രീറ്റ് മെയിൻ | | 668945 | - | 668945 |
| കെ.എസ്സ്. ഇ.ബി | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | | 48010 | - | 48010 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 2010 EMS | 532/10 18-02-2010 | 5000000/- | - | 4227357 | 772643 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഒന്നുമില്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഒന്നുമില്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

2013-14 2014-15

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 82495143 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 67999965 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 343525 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക. | 174000 |

ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 13275 | എച്ച്എം, ജിഎൽപിഎസ്സ് |
| 3-2 | - | 120000 | എച്ച്എം, ജിഎൽപിഎസ്സ് |
| 3-4 | - | 41000 | എച്ച്എം, ജിഎൽപിഎസ്സ് |
| 3-5 | - | 18750 | എച്ച്എം, ജിഎൽപിഎസ്സ് |
| 3-6 | - | 25500 | എച്ച്എം, ജിഎൽപിഎസ്സ് |
| 3-7 | - | 100000 | എച്ചഎം,ജി എൽപിഎസ്സ് |

| | | | |
|---|---|---|---|
| 3-8 | - | 25000 | മെഡിക്കലാഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 30000 | എച്ച്എം, ജിഎൽപിഎസ്സ് |
| 3-3 | 50000 | എച്ച്എം, ജിഎൽപിഎസ്സ് |
| 3-4 | 29000 | എച്ച്എം, ജിഎൽപിഎസ്സ് |
| 3-13 | 65000 | എച്ച്എം, ജിഎൽപിഎസ്സ് |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| |
|---|
| ഒന്നുമില്ല |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഒന്നുമില്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എ ഹാരൂൺ, എച്ച്എം | എച്ച് എം, ജിഎൽപിഎസ്, പല്ലാവൂർ | നൂർമഹൽ,തളൂർ, കുടല്ലൂർ (പിഒ) പിഒ 678688 |
| ഡേ.സൈന.സിഎം, മെഡിക്കലാഫീസർ | മെഡിക്കലാഫീസർ, പിഎച്ച് സെന്റർ, പല്ലശ്ശേന | - |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികകൾ

| റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | LF-P6-168/98/10-4-1998 | ഓഡിറ്റ് റിപ്പോർട്ട് |
| 1997-98 | LF-9831/സ്പെ.സെൽ/എസ്.സി13/01/19-7-2001 | ചാർജ്ജ്/സർചാർജ്ജ് സർട്ടിഫിക്കറ്റ് |

| | | |
|---|---|---|
| 1998-99 | LF-P10-1158/01/ 16-11-2011 | ചാർജ്ജ്/സർചാർജ്ജ് പ്രൊപ്പോസൽ |
| 1999-00 | LF-4952/സ്പെ.സെൽ /എസ്.സി3 /02/20-4-2002 | ചാർജ്ജ്/സർചാർജ്ജ് സർട്ടിഫിക്കറ്റ് |
| 2000-01 | LF-P10-535/02/3-8-2002 | ചാർജ്ജ്/സർചാർജ്ജ് പ്രൊപ്പോസൽ |
| 2001-02 | LF-2123/സ്പെ.സെൽ /എസ്.സി4 /05/15-2-2005 | ചാർജ്ജ്/സർചാർജ്ജ് നോട്ടീസ് |
| 2002-03 | LF-2124/സ്പെ.സെൽ /എസ്.സി4 /05/15-2-2005 | ചാർജ്ജ്/സർചാർജ്ജ് നോട്ടീസ് |
| 2003-04 | LF-P13-695/04 /20-6-2005 | ഓഡിറ്റ് റിപ്പോർട്ട് |
| 2004-05 | LF-P12-194/06 /30-5-2006 | ഓഡിറ്റ് റിപ്പോർട്ട് |
| 2005-06 | LF-P12-21/08/14-7-2008 | ഓഡിറ്റ് റിപ്പോർട്ട് |
| 2006-07 | LF-P12-22/08/26-6-2008 | ഓഡിറ്റ് റിപ്പോർട്ട് |
| 2007-08 | LF-P18-1205/10/ 12-12-2011 | ഫർദർ റിപ്പോർട്ട് |
| 2008-09 | LF-P18-1206/10/ 12-12-2011 | ഫർദർ റിപ്പോർട്ട് |
| 2009-10 | LF-P18-1382/13/17-7-2014 | ഫർദർ റിമാർക്സ് |
| 2010-11 | | ഫർദർ റിമാർക്സ് |
| 2011-12 | LF-P18-388/14/2-5-2014 | ഓഡിറ്റ് റിപ്പോർട്ട് |

| | | |
|---|---|---|
| 2012-13 | LF-P18-459/15/13.4.15 | ഓഡിറ്റ് റിപ്പോർട്ട് |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ-പികെഡി18-252/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

ഫോൺ - 04912420145

e-mail – dopkd.ksad@kerala.gov.in

തിയതി - 10-02 -2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ പല്ലശ്ശന ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സാക്ഷപത്രത്തിൽ അന്യത്ര ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പല്ലശ്ശന ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

### അപാകതകളുടെ സംക്ഷിപ്തം

1)പഞ്ചാബ് നാഷണൽ ബാങ്കിലുള്ള പ്ലാൻ ഫണ്ട് അക്കൗണ്ട് റിക്കൺസിലിയേഷൻ നടത്തിയിട്ടില്ല. പാസ്ബുക്ക് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2)ട്രഷറി - തനത് ഫണ്ട് (VPFA1-2) പാസ് ബുക്ക്, റിക്കൺസിലിയേഷൻ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

3) ആസ്തിമൂല്യം തിട്ടപ്പടുത്തി സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല.

4) വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയ വസ്തുനികുതി കുടിശ്ശിക തുകകളും തൻ വർഷ നീക്കിയിരിപ്പ് തുകകളും ഡി.സി.ബി സ്റ്റേറ്റ്മെന്റ്, സഞ്ചയ സോഫ്റ്റ് വെയർ എന്നിവയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No.KSA-PKD-18-252/2017

Kerala State Audit Department

District Audit Office, Palakkad

Date –10-02-2017

## Audit Certificate

Certified that I have audited the Annual Financial Statement of PALLASSANA Gramapanchayat in Palakkad District for the year ended on 31-3-2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of PALLASSANA Gramapanchayat for the year 2015-16 except the observations attached with this certificate properly presents the picture of income and expenditure.

Deputy Director

## Abstract of Defects

1) Plan Fund bank Account in Panchab national bank is not reconcilled properly.

2)Pass book for Treasury own Fund (VPFAI-2) not produced

3)Asset values not ascertained and linked with Sankhya.

4)The figures shown as the arrear & current balance of property tax (2015-16) inAFS, are not in agreement with the figures shown in DCB statement and Sanchaya Software.

Deputy Director